**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5983 04.11.2016 -ലെ മറുപടിയ്ക്ക്

**സർവ്വകലാശാലകളിലെ ടൈപ്പിസ്റ്റ് തസ്തികയുടെ പുനർനാമകരണം**

*ചോദ്യം*

ശ്രീ. എം. ഉമ്മർ

*ഉത്തരം*

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളത്തിലെ സർവ്വകലാശാലകളിലെ ടൈപ്പിസ്റ്റ് തസ്തികയുടെ പേര് കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തിക എന്ന് പുനർനാമകരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ പി.എസ്.സി. പ്രസിദ്ധീകരിച്ച കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയുടെ റാങ്ക് ലിസ്റ്റിൽ നിന്നും ടൈപ്പിസ്റ്റ് തസ്തികയിലേക്ക് നിയമനം നടത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വ്യക്തമാക്കുമോ; | (എ) (ബി) & (സി) | കാലിക്കറ്റ് സർവ്വകലാശാല, എം. ജി. സർവ്വകലാശാല , കുസാറ്റ് , കേരള കാർഷിക സർവ്വകലാശാല , കേരള ഫിഷറീസ് - സമുദ്ര പഠന സർവ്വകലാശാല, കേരള വെറ്ററിനറി & അനിമൽ സയൻസ് സർവ്വകലാശാല , ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല എന്നിവിടങ്ങളിൽ ടൈപ്പിസ്റ്റ് തസ്തികയുടെ പേര് കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്ന് പുനർനാമകരണം ചെയ്തിട്ടുണ്ട്.<br><br>**കേരള സർവ്വകലാശാല** - LD Typist തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട ഹൈക്കോടതിയിൽ കേസ് നിലവിലുള്ള സാഹചര്യത്തിൽ Standing Counsel ന്റെ സ്പഷ്ടീകരണത്തിനു വിധേയമായി കമ്പ്യൂട്ടർ അസിസ്റ്റന്റിന്റെ ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുവാൻ സർവ്വകലാശാല സിൻഡിക്കേറ്റ് തീരുമാനിച്ചിട്ടുണ്ട്.<br><br>**കാലിക്കറ്റ് സർവ്വകലാശാല** യിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിലെ എല്ലാ ഒഴിവുകളും പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>**കണ്ണൂർ സർവ്വകലാശാല** - കണ്ണൂർ സർവ്വകലാശാലയിൽ ഇപ്പോൾ നിലവിലുള്ള ടൈപ്പിസ്റ്റ് കം സ്റ്റെനോഗ്രാഫർ എന്ന സംയോജിത തസ്തിക ടൈപ്പിസ്റ്റ് (കമ്പ്യൂട്ടർ അസിസ്റ്റന്റ് ), സ്റ്റെനോഗ്രാഫർ എന്നിങ്ങനെ |
| (ബി) | തസ്തിക പുനർനാമകരണം ചെയ്യാത്തതിന്റെ സാങ്കേതിത്വം ചൂണ്ടിക്കാട്ടി സർവ്വകലാശാലകളിലെ ടൈപ്പിസ്റ്റ് തസ്തികയിലെ ഒഴിവിലേക്ക് കമ്പ്യൂട്ടർ അസിസ്റ്റന്റുമാരുടെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താത്ത സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | സർവ്വകലാശാലകളിലെ ടൈപ്പിസ്റ്റ് തസ്തികയിലെ | | |

| | | | |
|---|---|---|---|
| | ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും കമ്പ്യൂട്ടർ അസിസ്റ്റന്റിന്റെ റാങ്ക് ലിസ്റ്റിൽ നിന്നും ഇത്തരം ഒഴിവുകൾ നികത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ? | | പുന:പരിവർത്തനം ചെയ്തതിന്ശേഷം കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്.<br><br>**എം.ജി. സർവ്വകലാശാല** യിൽ ഉദ്യോഗാർഥികളുടെ ലിസ്റ്റ് പി.എസ്.സി ലഭ്യമാക്കുന്ന പക്ഷം കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിലേക്ക് നിയമനം നടത്തുന്നതിന് തടസ്സങ്ങളൊന്നുമില്ല. **31.05.2016** വരെ യുള്ള ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>**കുസാറ്റിൽ** കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലെ **21** ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>**കേരള കാർഷിക സർവ്വകലാശാല** യിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിലെ **24** ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>**കേരള ഫിഷറീസ് - സമുദ്ര പഠന സർവ്വകലാശാല**യിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിലേക്ക് നിയമനം നടത്തുവാൻ തടസ്സമില്ല. നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>**നാഷണൽ യൂണിവേഴ്സിറ്റി ഫോർ അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്** - ടൈപ്പിസ്റ്റ് തസ്തികയോ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയോ നിലവിലില്ല.<br><br>**കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ്** - കമ്പ്യൂട്ടർ അസിസ്റ്റന്റ്/ടൈപ്പിസ്റ്റ് ഗ്രേഡ് II തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടില്ല.<br><br>**തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല** - ടൈപ്പിസ്റ്റ് തസ്തിക അനുവദിച്ചിട്ടില്ല.<br><br>**ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല** യിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിലേക്ക് നിയമനം നടത്തുന്നതിന് മറ്റ് തടസ്സങ്ങളില്ല. ഒഴിവുകൾ വരുന്ന മുറയ്ക്ക് സർവ്വകലാശാല വേണ്ട നടപടി |

| | | | |
|---|---|---|---|
| | | | സ്വീകരിക്കുന്നതാണ്.<br><br>**എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി**യിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തിക നാളിതുവരെ സൃഷ്ടിക്കപ്പെട്ടിട്ടില്ല.<br><br>**കേരള വെറ്ററിനറി & അനിമൽ സയൻസ് സർവ്വകലാശാല**യിൽ ടൈപ്പിസ്റ്റ് തസ്തിക, കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയെന്ന് പുനർനാമകരണം ചെയ്തിട്ടുള്ളതിനാൽ പി.എസ്.സി. നിയമനത്തിന് തടസ്സങ്ങളില്ല. |

**സെക്ഷൻ ഓഫീസർ**